**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **07-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് - ബി ദ നമ്പർ വൺ കാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുന്നതിന്റെ ഭാഗമായി ആരംഭിച്ച ബി ദ നമ്പർ വൺ ക്യാമ്പയിനിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | കോവിഡ് അതിവ്യാപനം മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി ബാങ്കിംഗ് മേഖലയെ പൊതുവായും കേരള ബാങ്കിനെ പ്രതികൂലമായും ബാധിക്കുന്ന സാഹചര്യത്തിലാണ് കേരള ബാങ്ക് '**ബി ദ നമ്പർ വൺ ക്യാമ്പയിൻ**' ആരംഭിക്കാൻ തീരുമാനിച്ചത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിലെ 769 ശാഖകളിലെയും, സി.പി.സി കളിലെയും, റീജിയണൽ ആഫീസുകളിലെയും, ഹെഡ് ആഫീസിലെയും, ഏരിയ മാനേജർമാർ, മുഴുവൻ ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവരെയെല്ലാം പങ്കെടുപ്പിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച ടി ക്യാമ്പയിൻ പ്രവർത്തന മികവു കൊണ്ട് ശ്രദ്ധേയമായി. 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ 4 മാസം നീണ്ടു നിന്ന ക്യാമ്പയിൻ ബാങ്കിന്റെ ബിസിനസ് വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ചു. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും, NPA കുറയ്ക്കുന്നതിനും, ബിസിനസ് വളർച്ച കൈവരിക്കുന്നതിനും, വായ്പാ വിതരണത്തിലും, നിക്ഷേപം സ്വീകരിക്കുന്നതിലും CASA നിക്ഷേപത്തിലും, ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനും സാധിച്ചു.<br><br>1. **<u>നിഷ്ക്രിയ ആസ്തിയിലുള്ള കുറവ്:</u>** 30.11.2021 ൽ നിഷ്ക്രിയ ആസ്തി 11,394.64 കോടി രൂപ ആയിരുന്നത് 31.3.2022 ൽ 5,466.59 കോടി രൂപയായി കുറയ്ക്കുന്നതിന് സാധിച്ചു. 4 മാസം കൊണ്ട് NPA യിൽ 5928.09 കോടിയുടെ കുറവ് വരുത്തുന്നതിന് സാധിച്ചു. 27.93% ത്തിൽ നിന്നും 13.35% ആയി കുറയ്ക്കുന്നതിന് സാധിച്ചു.<br>2. **<u>ബിസിനസ് വളർച്ച (നിക്ഷേപവും വായ്പയും) :</u>** ആകെ ബിസിനസ് 4 മാസം കൊണ്ട് 1,08,822.33 കോടിയിൽ നിന്നും 1,10,857.16 കോടിയായി ഉയർന്നു. 4 മാസത്തെ ബിസിനസ് വളർച്ച 2034.83 കോടി രൂപയും, ബാങ്ക് കൈവരിച്ച ആകെ ബിസിനസ് നേട്ടത്തിന്റെ 70% വും ഈ കാലയളവിൽ നേടിയതാണ് |

<table>
<tr><td></td><td></td><td></td><td>
<ol start="3">
<li><u>നിക്ഷേപ വർദ്ധനവ്:</u> 30.11.2021 ൽ 68,022.35 കോടി രൂപ ആയിരുന്ന നിക്ഷേപം 31.3.2022 ൽ 69,940.84 കോടി രൂപയായി ഉയർന്നു. ടി 4 മാസത്തെ നിക്ഷേപ വളർച്ച 1,918.49 കോടി രൂപയാണ്.</li>
<li><u>വായ്പാ വർദ്ധനവ്:</u> 30.11.2021 ൽ 40,799.98 കോടി രൂപയായിരുന്നത് 31.3.2022 ൽ 40,950.04 കോടിയായി ഉയർന്നു. വായ്പാ വർദ്ധവ് 150.06 കോടി രൂപയാണ്.</li>
<li><u>ഗോൾഡ് ലോൺ:</u> 30.11.2021 ൽ 4,232.18 കോടി ആയിരുന്നത് 31.3.2022 ൽ 4,765.39 കോടി രൂപയായി ഉയർന്നു. ടി വായ്പയിൽ 533.21 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി</li>
<li><u>CASA നിക്ഷേപം(തുകയും, എണ്ണവും):</u> 30.11.2021 ൽ 7,166.13 കോടി രൂപയായിരുന്ന ടി നിക്ഷേപം 31.3.2022 ൽ 9,856.61 കോടി രൂപയായി ഉയർന്നു. 4 മാസത്തിൽ ടി നിക്ഷേപത്തിന്റെ വളർച്ച 2,690.48 കോടി രൂപയാണ്.</li>
<li>ടി നിക്ഷേപത്തിന്റെ എണ്ണം 31.11.2021 ൽ 49,54,090 ആയിരുന്നത് 31.3.2022 ൽ 50,80,364 ആയി ഉയർന്നു. 4 മാസം കൊണ്ട് 1,26,274 എണ്ണത്തിന്റെ വർദ്ധനവ് ഉണ്ടായി.</li>
</ol>
പൊതുജനങ്ങളിൽ ബാങ്കിന്റെ ഇമേജ് വദ്ധിപ്പിക്കുന്നതിനായി ഇടപെടലുകൾ/വികസന പ്രവർത്തനങ്ങൾ: എല്ലാ ജില്ലകളിലും ലോൺ മേളകൾ, കസ്റ്റമർ മീറ്റ്, NPA കുറയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ, ഒരു ദിവസം കൊണ്ട് പരമാവധി അക്കൗണ്ട് സ്വരൂപിക്കുന്നതിന് CASA Day തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
രോഗികളും നിരാലംബരും, തിരച്ചടവിന് നിവൃത്തിയില്ലാത്തവരുമായി കുടിശ്ശികക്കാരുടെ വായ്പ, കേരള ബാങ്ക് ജീവനക്കാരും ഭരണസമിതിയും മുൻകൈയെടുത്ത് ബാദ്ധ്യത തീർത്ത് പ്രമാണം തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
</td></tr>
<tr><td>(ബി)</td><td>കേരള ബാങ്ക് രൂപീകരണത്തിനുശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കൽ, ബിസിനസ്സ് നിക്ഷേപം, അക്കൗണ്ടുകളുടെ എണ്ണം, വായ്പ തുടങ്ങിയ മേഖലകളിൽ എത്രത്തോളം വളർച്ചയുണ്ടായിട്ടുണ്ട്; ഇത് സംസ്ഥാനത്തെ ജനങ്ങൾക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?</td><td>(ബി)</td><td>
കേരള ബാങ്ക് രൂപീകരണത്തിനു ശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കൽ, ബിസിനസ് നിക്ഷേപം, അക്കൗണ്ടുകളുടെ എണ്ണം, വായ്പ തുടങ്ങിയ മേഖലകളിൽ വളർച്ചയുണ്ടായിട്ടുണ്ട്. ആദ്യ സാമ്പത്തിക വർഷമായ 31.3.2020 ൽ നിന്നും 31.3.2022 ൽ ബാങ്കിന്റെ സാമ്പത്തിക പുരോഗതി ചുവടെ ചേർക്കുന്നു.
തുക (ലക്ഷത്തിൽ)
<table>
<tr><th></th><th>31.3.2020</th><th>31.3.2022</th></tr>
<tr><td>നിക്ഷേപം</td><td>61,307.59</td><td>69,940.84</td></tr>
<tr><td>വായ്പ</td><td>40,156.81</td><td>40,950.04</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| ആകെ ബിസിനസ് | | 1,01,194.40 | 1,10,857.16 |
| NPA | Gross Amt. | 6,126.55 | 5,466.55 |
| | Net Amt. | 4,547.59 | 3,691.27 |
| | Gross % | 15.26 | 13.35 |
| | Net% | 11.79 | 9.01 |

സംസ്ഥാന സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാങ്കിന്റെ സെറ്റിൽമെന്റ്, SARFAESI, ആർബിട്രേഷൻ നടപടികൾ എന്നിവയിലൂടെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31.3.2022 ൽ 13.35% ആയി കുറഞ്ഞിട്ടുണ്ട് (5466.55 കോടി). അറ്റ നിഷ്ക്രിയ ആസ്തി 31.3.2020 ലെ 11.79% ത്തിൽ നിന്നും 31.3.2022 ൽ 9.01% ആയി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി ബാങ്കിന്റെ റിക്കവറി മാനേജമെന്റ് പോളിസിയും, സർക്കാരിന്റെ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി എന്നിവയുടെ വ്യത്യസ്ത ആനുകൂല്യങ്ങൾ നൽകുക വഴി സംസ്ഥാനത്തെ ജനങ്ങൾക്ക് ഉയർന്ന തലത്തിൽ ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ബാങ്ക് നടപ്പിലാക്കി വരുന്ന നിക്ഷേപ വായ്പാ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾ മുതലുള്ളവരുടെ ചെറുത് മുതൽ വലുതുവരെയുള്ള നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനും, വിവിധ ഇനങ്ങളായ വായ്പാ പദ്ധതികൾ വഴി സാധാരണക്കാർ, കൃഷിക്കാർ, കച്ചവടക്കാർ, വ്യപാരികൾ, വ്യവസായികൾ, പ്രവാസികൾ തുടങ്ങി എല്ലാ മേഖലകളിൽ ഉള്ളവർക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

കോവിഡ് അതിവ്യാപനം മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി ബാങ്കിംഗ് മേഖലയെ പൊതുവായും കേരള ബാങ്കിനെ പ്രതികൂലമായും ബാധിക്കുന്ന സാഹചര്യത്തിലാണ് കേരള ബാങ്ക് 'ബി ദ നമ്പർ വൺ ക്യാമ്പയിൽ' ആരംഭിക്കാൻ തീരുമാനിച്ചത്. കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്കിലെ 769 ശാഖകളിലെയും, സി.പി.സി കളിലെയും, റീജിയണൽ ആഫീസുകളിലെയും, ഹെഡ് ആഫീസിലെയും, ഏരിയ മാനേജർമാർ, മുഴുവൻ ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവരെയെല്ലാം പങ്കെടുപ്പിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച ടി ക്യാമ്പയിൻ പ്രവർത്തന മികവു കൊണ്ട് ശ്രദ്ധേയമായി. 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെ 4 മാസം നീണ്ടു നിന്ന ക്യാമ്പയിൻ ബാങ്കിന്റെ ബിസിനസ് വളർച്ചയിൽ ഗണ്യമായ പങ്കുവഹിച്ചു. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും, NPA കുറയ്ക്കുന്നതിനും, ബിസിനസ് വളർച്ച കൈവരിക്കുന്നതിനും, വായ്പാ വിതരണത്തിലും, നിക്ഷേപം സ്വീകരിക്കുന്നതിലും CASA നിക്ഷേപത്തിലും, ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനും സാധിച്ചു.

1. **നിഷ്ക്രിയ ആസ്തിയിലുള്ള കുറവ്:** 30.11.2021 ൽ നിഷ്ക്രിയ ആസ്തി 11,394.64 കോടി രൂപ ആയിരുന്നത് 31.3.2022 ൽ 5,466.59 കോടി രൂപയായി കുറയ്ക്കുന്നതിന് സാധിച്ചു.

4 മാസം കൊണ്ട് NPA യിൽ 5928.09 കോടിയുടെ കുറവ് വരുത്തുന്നതിന് സാധിച്ചു. 27.93% ത്തിൽ നിന്നും 13.35% ആയി കുറയ്ക്കുന്നതിന് സാധിച്ചു

2. **ബിസിനസ് വളർച്ച (നിക്ഷേപവും വായ്പയും) :** ആകെ ബിസിനസ് 4 മാസം കൊണ്ട് 1,08,822.33 കോടിയിൽ നിന്നും 1,10,857.16 കോടിയായി ഉയർന്നു. 4 മാസത്തെ ബിസിനസ് വളർച്ച 2034.83 കോടി രൂപയും, ബാങ്ക് കൈവരിച്ച ആകെ ബിസിനസ് നേട്ടത്തിന്റെ 70% വും ഈ കാലയളവിൽ നേടിയതാണ്

3. **നിക്ഷേപ വർദ്ധനവ്:** 30.11.2021 ൽ 68,022.35 കോടി രൂപ ആയിരുന്ന നിക്ഷേപം 31.3.2022 ൽ 69,940.84 കോടി രൂപയായി ഉയർന്നു. ടി 4 മാസത്തെ നിക്ഷേപ വളർച്ച 1,918.49 കോടി രൂപയാണ്.

4. **വായ്പാ വർദ്ധനവ്:** 30.11.2021 ൽ 40,799.98 കോടി രൂപയായിരുന്നത് 31.3.2022 ൽ 40,950.04 കോടിയായി ഉയർന്നു. വായ്പാ വർദ്ധവ് 150.06 കോടി രൂപയാണ്.

5. **ഗോൾഡ് ലോൺ:** 30.11.2021 ൽ 4,232.18 കോടി ആയിരുന്നത് 31.3.2022 ൽ 4,765.39 കോടി രൂപയായി ഉയർന്നു. ടി വായ്പയിൽ 533.21 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി

6. **CASA നിക്ഷേപം(തുകയും, എണ്ണവും):** 30.11.2021 ൽ 7,166.13 കോടി രൂപയായിരുന്ന ടി നിക്ഷേപം 31.3.2022 ൽ 9,856.61 കോടി രൂപയായി ഉയർന്നു. 4 മാസത്തിൽ ടി നിക്ഷേപത്തിന്റെ വളർച്ച 2,690.48 കോടി രൂപയാണ്.

ടി നിക്ഷേപത്തിന്റെ എണ്ണം 31.11.2021 ൽ 49,54,090 ആയിരുന്നത് 31.3.2022 ൽ 50,80,364 ആയി ഉയർന്നു. 4 മാസം കൊണ്ട് 1,26,274 എണ്ണത്തിന്റെ വർദ്ധനവ് ഉണ്ടായി.

പൊതുജനങ്ങളിൽ ബാങ്കിന്റെ ഇമേജ് വദ്ധിപ്പിക്കുന്നതിനായി ഇടപെടലുകൾ/വികസന പ്രവർത്തനങ്ങൾ: എല്ലാ ജില്ലകളിലും ലോൺ മേളകൾ, കസ്റ്റമർ മീറ്റ്, NPA കുറയ്ക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ, ഒരു ദിവസം കൊണ്ട് പരമാവധി അക്കൗണ്ട് സ്വരൂപിക്കുന്നതിന് CASA Day തുടങ്ങി വിപുലമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

രോഗികളും നിരാലംബരും, തിരിച്ചടവിന് നിവൃത്തിയില്ലാത്തവരുമായി കുടിശ്ശികക്കാരുടെ വായ്പ, കേരള ബാങ്ക് ജീവനക്കാരും ഭരണസമിതിയും മുൻകൈയെടുത്ത് ബാദ്ധ്യത തീർത്ത് പ്രമാണം തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കേരള ബാങ്ക് രൂപീകരണത്തിനു ശേഷം നിഷ്ക്രിയ ആസ്തി കുറയ്ക്കൽ, ബിസിനസ് നിക്ഷേപം, അക്കൗണ്ടുകളുടെ എണ്ണം, വായ്പ തുടങ്ങിയ മേഖലകളിൽ വളർച്ചയുണ്ടായിട്ടുണ്ട്. ആദ്യ സാമ്പത്തിക വർഷമായ 31.3.2020 ൽ നിന്നും 31.3.2022 ൽ ബാങ്കിന്റെ സാമ്പത്തിക പുരോഗതി ചുവടെ ചേർക്കുന്നു.

**തുക ലക്ഷത്തിൽ**

| | | **31.3.2020** | **31.3.2022** |
|---|---|---|---|
| നിക്ഷേപം | | 61,307.59 | 69,940.84 |
| വായ്പ | | 40,156.81 | 40,950.04 |
| ആകെ ബിസിനസ് | | 1,01,194.40 | 1,10,857.16 |
| NPA | Gross Amt. | 6,126.55 | 5,466.55 |
| | Net Amt. | 4,547.59 | 3,691.27 |
| | Gross % | 15.26 | 13.35 |
| | Net% | 11.79 | 9.01 |

സംസ്ഥാന സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാങ്കിന്റെ സെറ്റിൽമെന്റ്, SARFAESI, ആർബിട്രേഷൻ നടപടികൾ എന്നിവയിലൂടെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 31.3.2022 ൽ 13.35% ആയി കുറഞ്ഞിട്ടുണ്ട് (5466.55 കോടി). അറ്റ നിഷ്ക്രിയ ആസ്തി 31.3.2020 ലെ 11.79% ത്തിൽ നിന്നും 31.3.2022 ൽ 9.01% ആയി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനായി ബാങ്കിന്റെ റിക്കവറി മാനേജമെന്റ് പോളിസിയും, സർക്കാരിന്റെ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി എന്നിവയുടെ വ്യത്യസ്ത ആനുകൂല്യങ്ങൾ നൽകുക വഴി സംസ്ഥാനത്തെ ജനങ്ങൾക്ക് ഉയർന്ന തലത്തിൽ ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

ബാങ്ക് നടപ്പിലാക്കി വരുന്ന നിക്ഷേപ വായ്പാ പദ്ധതികൾ സ്കൂൾ വിദ്യാർത്ഥികൾ മുതലുള്ളവരുടെ ചെറുത് മുതൽ വലുതുവരെയുള്ള നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്നതിനും, വിവിധ ഇനങ്ങളായ വായ്പാ പദ്ധതികൾ വഴി സാധാരണക്കാർ, കൃഷിക്കാർ, കച്ചവടക്കാർ, വ്യപാരികൾ, വ്യവസായികൾ, പ്രവാസികൾ തുടങ്ങി എല്ലാ

മേഖലകളിൽ ഉള്ളവർക്കും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, തൊഴിൽ മേഖല പുഷ്ടിപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്.